നം.എം4/13881/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം.തിരുവനന്തപുരം
തീയതി: 11/2/2014

## സർക്കുലർ

വിഷയം : സംസ്ഥാനത്തെ എൽ.പി, യു.പി. സകൂൾ ക്ലാസ്സ് മുറികളിൽ പോസ്റ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

സൂചന : 10/2/2014-ാം തീയതിയിലെ ചയിൽഡ്ലൈൻ ഡയറക്ടർ ഫാ. തോമസ്.പി.ഡി.യുടെ കത്ത്.

സോഷ്യൽ ജസ്റ്റീസ് വകുപ്പുമായി യോജിച്ച് ചയിൽഡ് ലൈൻ എന്ന സംഘടന രുപീകരിച്ച ഒരു പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 163 ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കീഴിലെ എല്ലാ എൽ.പി.യു.പി സ്കൂൾ ക്ലാസ്സുമുറികളിലും ചൈൽഡ് ലൈൻ പോസ്റ്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുവേണ്ടി ഓരോ ഉപജില്ലയിലും ഉള്ള എൽ.പി, യു.പി ക്ലാസ്സ് മുറികളുടെ എണ്ണം ആവശ്യമാണ് എന്നും ആയത് നൽകുന്നതിന് എ. ഇ. ഒ മാർ ശ്രദ്ധിക്കേണ്ടതാണ്. ഉപജില്ലാ ആഫീസർമാരെ ഏൽപ്പിക്കുന്ന പോസ്റ്ററുകൾ രസീത് നൽകി സ്വീകരിച്ച് സ്കൂൾ മേലധികാരികൾക്ക് നൽകി ക്ലാസ് മുറികളിൽ ശ്രദ്ധേയമായ സ്ഥാനത്ത് സ്ഥാപിക്കുകയും ഇങ്ങനെ സ്ഥാപിക്കുന്ന ചിത്രങ്ങൾ അവധികാലങ്ങളിലും വാർഷിക ശുചീകരണ സമയത്തും പെയ്ന്റിങ്ങിലും നാശം വരാതെ സംരക്ഷിക്കേണ്ടതാണ്. ചയിൽഡ് ലൈന്റെ പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി എല്ലാ വിധ സഹായ സഹകരണങ്ങളും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ചെയ്തു കൊടുക്കേണ്ടതും പദ്ധതി വിജയകരമായി പൂർത്തിയാക്കേണ്ടതുമാണ്. കൂടാതെ പോസ്റ്ററുകൾ പ്രധാനാദ്ധ്യാപകർ യഥാവിധി ക്ലാസ്സ് മുറികളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

Cjayadevi

സി.വി.ജയദേവി
വിദ്യാഭ്യാസ ഉപഡയറക്ടർ
(എംപ്ലോയ്മെന്റ്)

**സ്വീകർത്താവ്**

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും